ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.03.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു മൗറീഷ്യസ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും ; പ്രതിനിധിതല ചർച്ചയിൽ രാഷ്ട്രപതി പങ്കെടുക്കും.

   A delegation level talks will be held between India and Mauritius today ; The meeting will be held in the presence of President Droupadi Murmu and Prime Minister of Mauritius.

2. 'ഇൻഡ്യാസ് ടെക്കേഡ് ; ചിപ്സ് ഫോർ വികസിത് ഭാരത് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് യുവജനങ്ങളെ അഭിസംബോധന ചെയ്യും ; 1.25 ലക്ഷം കോടി രൂപയുടെ മൂന്നു അർധചാലക പദ്ധതികൾക്ക് തുടക്കം കുറിക്കും.

   Prime Minister Narendra Modi will participate in 'India's Techade: Chips for Viksit Bharat' and lay the foundation stone of three semiconductor projects worth about 1.25 lakh crore rupees today .

3. രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ഒരു ലക്ഷം സംരംഭകർക്കുള്ള വായ്പാ വിതരണം ഇന്ന് . സംരംഭകരെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

   Prime Minister will participate in a programme marking nationwide outreach for credit support to disadvantaged sections today. He will sanction credit support to one lakh entrepreneurs of disadvantaged sections of the country.

4. ഇലക്ടറൽ ബോണ്ടുകളുടെ വിശദാംശങ്ങൾ എസ്ബിഐ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ചു ; നടപടി സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ച്.

The State Bank of India (SBI) today submitted all electoral bonds data to the Election Commission of India, in compliance of the Supreme Court's directions to the SBI.

5. കേരള സർക്കാർ വിതരണം ചെയ്യുന്ന ശബരി കെ റൈസിന്റെ വിൽപ്പന ഇന്ന് മുതൽ ; മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

kerala"s k-rice distribution launches today, cheif minister pinarayi vijayan will inagurate .

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യന്മാരായ മുംബയ്ക്കെതിരെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ളൂരിന് വിജയം.

In Women's Premier League Cricket, Royal Challengers Bangalore thrashed defending champions Mumbai Indians by seven wickets .

*************************

**HEADLINE-1**

## NT.PRESIDENT- MAURITIUS VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൗറീഷ്യസ് സന്ദർശനം പുരോഗമിക്കുന്നു. ഇന്ത്യ - മൗറീഷ്യസ് പ്രതിനിധിതല ചർച്ച ഇന്ന് നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ് എന്നിവരുടെ സാന്നിധ്യത്തിലാണ് യോഗം. ധാരണാപത്രങ്ങൾ കൈമാറുന്നതിന് പുറമെ നിരവധി പദ്ധതികളുടെ ഉദ്ഘാടനവും നടക്കും. മൗറീഷ്യസിലെ ചരിത്രപ്രധാന കേന്ദ്രങ്ങൾ രാഷ്ട്രപതി സന്ദർശിക്കും. തീർത്ഥാടന കേന്ദ്രമായ ഗംഗാ തലാവോയും ശ്രീമതി ദ്രൗപദി മുർമു സന്ദർശിക്കും.

*************************

**HEADLINE-3**

## PRIME MINISTER - NATIONAL PORTAL

രാജ്യവ്യാപകമായി, പിന്നാക്ക വിഭാഗങ്ങൾക്ക് വായ്പ പിന്തുണ എത്തിക്കുന്ന പരിപാടിയിൽ പ്രധാന മന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഒരു ലക്ഷം സംരംഭകർക്ക് വായ്പയും അനുവദിക്കും. പദ്ധതിയുടെ ഭാഗമായ പ്രധാൻമന്ത്രി സമാജിക് ഉധാൻ എവം റോസ്ഗർ ആധാരിത് ജൻ കല്യാൺ എന്ന പോർട്ടലും പ്രധാന മന്ത്രി ഉദ്ഘാടനം ചെയ്യും

*************************

**HEADLINE-2**

# PM-SEMICONDUCTOR PROJECTS (INTRO)

'ഇൻഡ്യാസ് ടെക്കേഡ് ; ചിപ്സ് ഫോർ വികസിത് ഭാരത് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. വിദൂര ദൃശ്യാ സംവിധാനത്തിലൂടെ നടക്കുന്ന പരിപാടിയിൽ അദ്ദേഹം രാജ്യത്തെ യുവാക്കളെയും അഭിസംബോധന ചെയ്യും. ഒരു റിപ്പോർട്ട്...

(വോയ്സ്)

1.25 ലക്ഷം കോടി രൂപയുടെ മൂന്നു അർധചാലക പദ്ധതികൾക്ക് പ്രധാന്മന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കം കുറിക്കും. ഗുജറാത്ത്, അസം സംസ്ഥാനങ്ങളിലാണ് അർധചാലക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. അർധചാലകങ്ങളുടെ രൂപകൽപ്പന, നിർമ്മാണം, സാങ്കേതികവിദ്യാ വികസനം എന്നീ മേഖലകളിൽ ആഗോള തലത്തിലെ സുപ്രധാന കേന്ദ്രമായി രാജ്യത്തെ മാറ്റുകയാണ് ലക്ഷ്യം. ആയിരക്കണക്കിന് യുവാക്കൾക്ക് അർധചാലക മേഖലയിൽ ഈ കേന്ദ്രങ്ങൾ തൊഴിൽ ഉറപ്പാക്കും. ഇലക്ട്രോണിക്സ്, ടെലികോം പോലെയുള്ള അനുബന്ധ മേഖലകളിലും പദ്ധതികൾ തൊഴിൽ സാധ്യത ഉറപ്പാക്കും . അർധചാലക രംഗത്തെ മുൻനിര വ്യക്തിത്വങ്ങൾക്ക് പുറമെ

ആയിരക്കണക്കിനു കോളേജ് വിദ്യാർഥികളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ന്യൂസ് ഡസ്ക്, ആകാശവാണി...

*************************

# PM - HARYANA CM

ഹരിയാന മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നായിബ് സൈനിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഹരിയാനയിലെ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള ശ്രമങ്ങൾക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

*************************

# J & K

ജമ്മു ആൻഡ് കാശ്മീർ നാഷണൽ ഫ്രണ്ടിനെ നിരോധിത സംഘടനയായി പ്രഖ്യാപിച്ചു കേന്ദ്രസർക്കാർ. അഞ്ചു വർഷത്തേക്കാണ് നിരോധനം. ഇന്ത്യയിൽ നിന്നും ജമ്മുകാശ്മീരിനെ വിഘടിപ്പിക്കാനുള്ള ശ്രമങ്ങൾ സംഘടന നടത്തിയിരുന്നതായി ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു. തീവ്രവാദ പ്രവർത്തനങ്ങളെ പിന്തുണച്ച സംഘടന രാജ്യത്തിന്റെ പരമാധികാരത്തെയും സുരക്ഷയെയും വെല്ലുവിളിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതായും അദ്ദേഹം വ്യക്തമാക്കി.

*************************

# TELANGANA - AMIT SHAH

പൗരത്വ ഭേദഗതി നിയമം ആരുടേയും പൗരത്വം നിഷേധിക്കാനല്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള അഭയാർഥികൾക്ക് ഭേദഗതി

നിയമത്തിലൂടെ പൗരത്വം നൽകുമെന്നും ശ്രീ. ഷാ പറഞ്ഞു. ഹൈദരാബാദിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**************************

**HEADLINE-4**

## SBI- ECI

ഇലക്ടറൽ ബോണ്ടുകളുടെ വിശദാംശങ്ങൾ എസ്ബിഐ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ചു. സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, എസ്ബിഐ ഇലക്ടറൽ ബോണ്ടുകളുടെ ഡാറ്റ ബാങ്ക് നൽകിയിട്ടുണ്ടെന്ന് കമ്മീഷൻ അറിയിച്ചു. ബോണ്ടുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ ജൂൺ 30 വരെ സമയം നൽകണമെന്ന എസ്ബിഐയുടെ അപേക്ഷ സുപ്രീം കോടതി തള്ളിയിരുന്നു. ഇന്നലെത്തെ പ്രവൃത്തി സമയം അവസാനിക്കുമ്പോഴേക്കും വിശദാംശങ്ങൾ വെളിപ്പെടുത്തണമെന്നും എസ്ബിഐയോട് നിർദേശിച്ചു. വിശദാംശങ്ങൾ ഈ മാസം 15 ന് വൈകുന്നേരം 5 മണിക്കകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോടും ആവശ്യപ്പെട്ടു. ഫെബ്രുവരി 15 ന് സുപ്രീം കോടതി ഇലക്ടറൽ ബോണ്ട് പദ്ധതി റദ്ദാക്കിയിരുന്നു.

**************************

## AMIT SHAH- COPERATIVE BUIDLING

ഭാരതീയ ബീജ് സഹകാരി സമിതി ലിമിറ്റഡ് , നാഷണൽ കോഓപ്പറേറ്റീവ് ഓർഗാനിക്സ് ലിമിറ്റഡ് , നാഷണൽ കോ ഓപ്പറേറ്റീവ് എക്സ്പോർട്ട് ലിമിറ്റഡ് എന്നീ മൂന്ന് സഹകരണ സൊസൈറ്റികൾക്കായുള്ള പുതിയ ഓഫീസ് ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും. സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി, വിത്ത്

ഗവേഷണം, ജൈവ കയറ്റുമതി എന്നീ മേഖലയിലാണ് മൂന്ന് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങളും വിത്തുകളും പ്രാഥമിക സംഘങ്ങൾ വഴി വാങ്ങുകയും ചെയ്യും.

*************************

**HEADLINE-5**

## K -RICE

പൊതു വിപണിയിൽ വില പിടിച്ചുനിർത്തുന്നത് ലക്ഷ്യമിട്ട് കേരള സർക്കാർ വിതരണം ചെയ്യുന്ന ശബരി കെ റൈസിന്റെ വിൽപ്പന ഇന്ന് മുതൽ തുടങ്ങും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. സപ്ലൈകോ മുഖേന ജയ അരി കിലോക്ക് 29 രൂപക്കും കുറുവ അരിയും മട്ട അരിയും 30 രൂപക്കുമാണ് നൽകുക.

*************************

## EAM- NEW ZEALAND

ന്യൂസിലാൻഡ് ഉപ പ്രധാനമന്ത്രിയും വിദേശ കാര്യ മന്ത്രിയുമായ വിൻസ്റ്റൺ പീറ്റേഴ്സുമായി വിദേശകാര്യമന്ത്രി ഡോ.എസ് ജയ്ശങ്കർ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയ - വാണിജ്യ -സാമ്പത്തിക-സുരക്ഷാ -വിദ്യാഭ്യാസ മേഖലകളിലെ നിലവിലെ സഹകരണം മെച്ചപ്പെടുത്താൻ ഇരു രാജ്യങ്ങളും തീരുമാനിച്ചതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. അന്താരാഷ്ട്ര സൗരോർജ സഖ്യത്തിൽ പങ്കാളിയാകാനുള്ള ന്യൂസിലൻഡിന്റെ തീരുമാനത്തെ ശ്രീ.ജയ്ശങ്കർ സ്വാഗതം ചെയ്തു. കോമൺവെൽത്ത്, യു എൻ രക്ഷാസമിതി സഹകരണം, ഇന്തോ പസഫിക്ക് അടക്കമുള്ള ആഗോള വിഷയങ്ങൾ എന്നിവയിലും ചർച്ച നടന്നു.

*************************

## SWARAJ -OTT PLATFORM

സ്വരാജ് പരിപാടിയുടെ ആദ്യ സീസൺ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിംഗ് താക്കൂർ ഉദ്ഘാടനം ചെയ്തു. ഒടിടി പ്ലാറ്റ്ഫോമായ ആമസോണിലാണ് പരിപാടി. സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ ജീവിതത്തെ ആസ്പദമാക്കി ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുന്ന **'സർദാർ: ദി ഗെയിം ചേഞ്ചർ'** എന്ന സീരിയലിനും ചടങ്ങിൽ തുടക്കം കുറിച്ചു. രാജ്യത്തിന് വേണ്ടി എല്ലാം ത്യജിച്ച നമ്മുടെ മഹാരഥന്മാർക്ക് ഇത് യഥാർത്ഥ സ്മരണാഞ്ജലിയാണെന്ന് ചടങ്ങിൽ സംസാരിച്ച ശ്രീ ഠാക്കൂർ പറഞ്ഞു.

*************************

## CAA-MAMATA BANERJEE

പൗരത്വ ഭേദഗതി നിയമം, സിഎഎ വിജ്ഞാപനം എന്നി വിഷയങ്ങളിൽ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി കേന്ദ്ര സർക്കാരിനെ വിമർശിച്ചു. പശ്ചിമ ബംഗാളിൽ സിഎഎ നടപ്പാക്കാൻ അനുവദിക്കില്ല. പശ്ചിമ ബംഗാളിലെ മതുവ സമുദായക്കാരെ സിഎഎ ശക്തമായി ബാധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതേസമയം, സിഎഎയെക്കുറിച്ചുള്ള തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ തൃണമൂൽ കോൺഗ്രസിനെയും മമത ബാനർജിയെയും ബിജെപി നേതാവും കേന്ദ്ര മന്ത്രിയുമായ സ്മൃതി ഇറാനി ശക്തമായി അപലപിച്ചു.

*************************

## GOVT - ZERO FOOD

ഇന്ത്യയിലെ സീറോ ഫുഡ് ചിൽഡ്രൻ വിഷയത്തിൽ ജാമാ നെറ്റ്‌വർക്ക് ഓപ്പൺ ജേണലിൽ പ്രസിദ്ധീകരിച്ച ലേഖനം വ്യാജവാർത്തയെന്ന് കേന്ദ്രസർക്കാർ. രാജ്യത്തെ കുട്ടികളുടെ

പോഷകനില സംബന്ധിച്ച് യാതൊരുവിധ പ്രാഥമിക ഗവേഷണവും രചയിതാക്കൾ നടത്തിയിട്ടില്ലെന്ന് വനിതാ ശിശുവികസന മന്ത്രാലയം വ്യക്തമാക്കി. പട്ടിണി അനുഭവിക്കുന്ന കുട്ടികളെപ്പറ്റി സംസ്ഥാന ഭരണകൂടങ്ങളോ , രാജ്യത്തെ ഏതെങ്കിലും സ്വകാര്യ സ്ഥാപനമോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ആറു മാസം മുതൽ ആറു വയസു വരെ പ്രായമുള്ള 13.7 കോടി കുട്ടികളിൽ 8.9 കോടി പേരും അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

***********************

## HEADLINE-6

## NT. WPL(INTRO)

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യന്മാരായ മുംബയ്ക്കെതിരെ റോയൽ ചലഞ്ചേഴ്സ് ബാംഗ്ളൂരിന് ഏഴു വിക്കറ്റിന്റെ ഉജ്വല വിജയം. ഇതോടെ ബാംഗ്ലൂർ പോയിന്റ് പട്ടികയിൽ മൂന്നാമത് എത്തി. **വിശദാംശങ്ങളിലേക്ക്.**

(വോയ്സ്)

നേരത്തെ ടോസ് നഷ്ടപ്പെട്ട ബാറ്റിങ്ങിനിറങ്ങിയ മുംബൈ 19 ഓവറിൽ 113 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. WPL ൽ ആദ്യമായി ഒരു മത്സരത്തിൽ നിന്നും 6 വിക്കറ്റുകൾ നേടിയ ഓസ്ട്രേലീയൻ താരം എല്ലിസ് പെറിയുടെ ഉജ്വല ബൗളിംഗ് ആണ് മുംബൈയ്ക്ക് വിനയായത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ബാംഗ്ലൂർ 15 ഓവറിൽ ലക്ഷ്യം കണ്ടു. ആറു വിക്കറ്റുകൾക്ക് പുറമെ 40 റൺസും നേടി ഓൾറൌണ്ട് മികവ് കാഴ്ചവച്ച എല്ലിസ് പെറിയാണ് കളിയിലെ താരം. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ജയൻസിനെ നേരിടും. അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 730 നാണു മത്സരം. **ന്യൂസ് ഡസ്ക്, ആകാശവാണി.......**

*************************

## SC - JUDGE

കേരള ഹൈക്കോടതിയിൽ പുതിയ ജഡ്ജിമാരായി നിയമിതരാകാൻ ആറ് അഭിഭാഷകരെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഢ് അധ്യക്ഷനായ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തു. അബ്ദുൾ ഹക്കീം മുല്ലപ്പള്ളി അബ്ദുൾ അസീസ്, ശ്യാം കുമാർ വടക്കേ മുടവക്കാട്ട്, ഹരിശങ്കർ വിജയൻ മേനോൻ, മനു ശ്രീധരൻ നായർ, ഈശ്വരൻ സുബ്രഹ്മണി , മനോജ് പുലമ്പി മാധവൻ എന്നിവരെയാണ് കൊളീജിയം ശുപാർശ ചെയ്തത്.

*************************

## TIGER

വയനാട് മീനങ്ങാടി മൈലമ്പാടി പ്രദേശങ്ങളിൽ ഭീതി പടർത്തിയ കടുവ കുടുങ്ങി. വനംവകുപ്പ് വച്ച കൂട്ടിൽ ഇന്നലെ രാത്രി 9 മണിയോടെയാണ് കടുവ കുടുങ്ങിയത്. കഴിഞ്ഞ ദിവസം പ്രദേശത്തെ മൂന്നോളം വളർത്ത് മൃഗങ്ങളെ കടുവ കൊന്നിരുന്നു. ഇതേ തുടർന്ന് പ്രദേശത്ത് ഇന്നലെ റോഡ് ഉപരോധം അടക്കമുള്ള പ്രതിഷേധവും നടന്നു. കടുവയെ ബത്തേരിയിലെ വന്യ മൃഗസംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റി.

*************************

## KOCHI WATER METRO - CM

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകൾ നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ഓൺലൈനായാണ് ഉദ്ഘാടന ചടങ്ങുകളെന്ന് മന്ത്രി പി രാജീവ് കൊച്ചിയിൽ പറഞ്ഞു.

************************************************************************

***